# SREE NARAYANA GURU

## THE LIFE AND TEACHINGS



INTERNATIONAL CONFERENCE PROCEEDINGS

Chief Editors

Dr. M.. Ilangovan

Dr. E. K. Girisan

**Title: Proceedings of the International Conference on the Life and Teachings of Sree Narayana Guru (ICLTSNG-21)**

Editors: Dr M Ilangovan
Dr E K Girisan

Published by: Sree Narayana Guru College
K G Chavadi,
Coimbatore -641 105

Printed by: T V SEKHARAN SONS CHARITABLE TRUST
Coimbatore

ISBN: 978-93-5526-674-3

Edition: First

Month and Year: October, 2021

Copyright @ SNGC

Pages: 372

Price: Rs.500

| | | | |
|---|---|---|---|
| 38 | Sree Narayana Guru's Philosophy has a Strong Relevance Today | *Sindhu.S, Assistant Professor of English, Sree Narayana Guru College, K. G. Chavadi.* | 255 |
| 39 | ஸ்ரீநாராயணகுருவின் ஆன்மீக சிந்தனைகள | முனைவர் த, தர்மராஜன் தமிழ் இணைப்பேராசிரியர். ஸ்ரீநாராயணகுரு கல்லூரி. கோவை - 641 105 Email tamildharmarajan@gmail.com | 260 |
| 40 | ஸ்ரீநாராயண குருவின் பார்வையில் ஆலய வழிபாட்டு முறைகள் | முனைவர் சி, சுஜாதாப்ரீத் தமிழ் இணைப்பேராசிரியர், ஸ்ரீநாராயணகுரு கல்லூரி, கோவை - 641 105. இ-மெயில் : csujathapreeth73@gmail.com | 268 |
| 41 | ஸ்ரீ நாராயணகுரு-சமுதாய மறுமலர்ச்சியின் முன்னோடி | A. சுமதி, உதவிப்பேராசிரியர் தமிழ்த்துறை, ஸ்ரீ கிருஷ்ணா ஆதித்யா கலை அறிவியல் கல்லூரி, கோவைப்புதூர் கோவை kovaisumathi@gmail.com | 276 |
| 42 | திரு நாராயணகுரு ஆலய தெய்வ வழிபாட்டில் குருவின் புதிய வழிமுறைகள் | ஏ. தேவிகா, உதவிப்பேராசிரியர் இந்திதுறை, AJK கலை மற்றும் அறிவியல் கல்லூரி நவக்கரை, கோவை E Mail id :devika@ajkcas.com | 281 |
| 43 | ஸ்ரீ நாராயணகுருவின் வாழ்வியல் படைப்புகள் | முனைவர் சுசெல்வநாயகி., துறைத்தலைவர் தமிழ்த்துறை ஸ்ரீ கிருஷ்ணா ஆதித்யா கலை அறிவியல் கல்லூரி கோவைப்புதூர் கோவை | 292 |
| 44 | ശ്രീനാരായണഗുരു നവോത്ഥാന നായകൻ | ഡോ. എസ് അനിത, N M ക്രിസ്ത്യൻ കോളേജ് മാർത്താണ്ഡം | 295 &35[illegible] |
| 45 | ശ്രീ നാരായണഗുരുവിനെ സാഹിത്യസൃഷ്ടികൾ | A.രജിത. അസി. പ്രൊഫസർ (മലയാളം), AJK കോളേജ്, കോയമ്പത്തൂർ. | 297 |
| 46 | ഇപ്പോഴത്തെ സാഹചര്യത്തിൽ ശ്രീനാരായണ ഗുരുദേവന്റെ തത്വചിന്തകളുടെ പ്രസക്തി" | ശ്രീജ M P. പരവൂർ | 309 |
| 47 | നവോത്ഥാനം ശ്രീനാരായണനിലൂടെ | എൽ. ജെസ്സി., അസി. പ്രൊഫസർ ഭാഷാവിഭാഗം, (ഹിന്ദി), ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. ഇമെയിൽ : jessysngchindi@gmail.com | 318 |
| 48 | ഗുരുദേവൻ : തത്വങ്ങൾ രചനകളിലൂടെ | കൃഷ്ണാ വർമ്മ. എ IInd M.S.W. ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. | 323 |

# നവോത്ഥാനം ശ്രീനാരായണനിലൂടെ

എൽ. ജെസ്സി., അസി. പ്രൊഫസർ
ഭാഷാവിഭാഗം, (ഹിന്ദി),
ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ.
ഇമെയിൽ : jessysngchindi@gmail.com

## ആമുഖം

19-ാം നൂറ്റാണ്ടിന്റെ പ്രതിഭാസങ്ങളിൽ ഉദയസൂര്യന്റെ പ്രഭയിൽ നിൽക്കുന്ന മഹത് വ്യക്തിത്വമാണ് നവോത്ഥാന നായകൻ ശ്രീനാരായണഗുരുദേവൻ. ഗുരുവിന്റെ ദർശനങ്ങൾ കേരളത്തിന്റെ ജീർണ്ണിച്ച സാമൂഹിക വ്യവസ്ഥിതിക്കും സവർണ്ണ മേധാവിത്വത്തിന്റെയും ജാതിക്കോമരങ്ങൾക്ക് നേരെയുളള ഒരു കടന്നുകയറ്റം തന്നെയായിരുന്നു. തന്റെ സിദ്ധാന്തങ്ങളിലൂടെ ജനമനസ്സിൽ ആഴത്തിൽ വേരുറപ്പിക്കാൻ ഗുരുദേവന് സാധിച്ചു. ആ മഹാനുഭാവന്റെ തീക്ഷ്ണ വ്യക്തിത്വം വിശ്വകവി ടാഗോറിനെപ്പോലും വിസ്മയിപ്പിച്ചിട്ടുണ്ട്. "മനുഷ്യന്റെ അതിവിദൂരസ്ഥമായ ഭാവിയിലേക്ക് കടന്നു ചെല്ലുന്നതായിരുന്നു ദിവ്യതേജസ്സ് തുളുമ്പുന്ന ആയോഗ നയനങ്ങൾ."[1]

ഈ ലേഖനത്തിൽ നവോത്ഥാന നായകൻ ഗുരുദേവന്റ മാനവിക ചിന്തകൾ, ധാർമ്മിക ചിന്തകൾ, ജാതിരഹിതമായ കാഴ്ചപ്പാടുകൾ, സ്ത്രീ ഉന്നമനത്തിന് ഗുരുവിന്റെ പങ്ക് എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുന്നു.

## ഗുരുവിന്റെ മാനവിക ചിന്തകൾ

സ്വന്തം സിദ്ധാന്തങ്ങളും, കാഴ്ചപ്പാടുകളും മാത്രം വലുതെന്ന പക്ഷം ഒരിക്കലും ഗുരുദേവനുണ്ടായിരുന്നില്ല. "മനുഷ്യരാശിയുടെ മുഴുവൻ ഐക്യവും, സാഹോദര്യവും ഔന്നത്യവുമായിരുന്നു ഗുരുവിന്റെ ലക്ഷ്യം."[2] മഹാത്മജിയുടെയും വിവേകാനന്ദന്റെയും ആദർശങ്ങൾ ഗുരു സ്വജീവിതത്തിൽ മുറുകെ പിടിച്ചു. വാസ്തവത്തിൽ ഗുരുവിന്റെ സിദ്ധാന്തങ്ങളുടെയും, പ്രബോധനങ്ങളുടെയും അന്തിമമായ ലക്ഷ്യം മനുഷ്യനന്മ തന്നെയായിരുന്നു.

"അവനിവനെന്നറിയുന്നതൊക്കെയോർത്താൽ


ISBN 978-93-5526-674-3 Eds: Dr. M.Ilangovan, Dr E.K.Girisan

അവനിയിലാദിമമായൊരാത്മരൂപം,
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം"[3]

ഇവിടെ ഗുരു ഉപദേശിക്കുന്നത് ഓരോരുത്തരുടേയും സുഖത്തിനു വേണ്ടിയുള്ള പ്രവൃത്തികൾ അന്യന്റെ നന്മയെക്കൂടി കരുതിയാവണം എന്നുതന്നെയാണ്.

## ഗുരുവിന്റെ ജാതിരഹിത ചിന്തകൾ

കേരളത്തെ മാത്രമല്ല ഇന്ത്യയെതന്നെ സാംസ്കാരികമായ് ബാധിച്ച ഒന്നാണ് ജാതിഭേദവും മതദ്വേഷവും എന്ന് ശ്രീനാരായണൻ കണ്ടറിഞ്ഞു. ചാതുർ വർണ്ണ്യം ഹിന്ദുമതത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നു. ഇതനുസരിച്ച് സൽക്കർമ്മങ്ങൾ ചെയ്തവർ അനന്തരജന്മത്തിൽ ഉയർന്ന ജാതിയിലും ദുഷ്ടകർമ്മങ്ങളുടെ ഫലം ഒരുവനെ താഴ്ന്ന ജാതിയിലും ജനിക്കാൻ ഇടയാക്കുന്നു. എന്നാൽ ഹിന്ദുമതത്തിലെ ഈ കർമ്മസിദ്ധാന്തങ്ങളെ നാരായണഗുരു നിശിതമായി വിമർശിച്ചുകൊണ്ട് ഇപ്രകാരം അരുൾ ചെയ്തു - "പശുക്കൾക്ക് പശുത്വമെങ്ങനെയാണോ അപ്രകാരം മനുഷ്യർക്ക് മനുഷ്യത്വം തന്നെയാണ് ജാതി ഇക്കാര്യത്തിൽ ബ്രാഹ്മണർ തുടങ്ങിയുള്ള വിഭജനം ഇല്ല തന്നെ കഷ്ടം! തത്വപരമായ ഈ സത്യം ആരും അറിയുന്നില്ലല്ലോ!"[4]

ആധുനിക ഭാരതത്തിൽ ആഴത്തിൽ വേരൂന്നിയ ചാതുർവർണ്ണ്യത്തെ നിശിതമായ് വിമർശിച്ചവരിൽ ശ്രീനാരായണഗുരുവും ഡോ. അംബേദ്കറും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ തന്നെയാണ്. ഇപ്രകാരം കേരളത്തിൽ മാത്രമല്ല ഭാരതത്തിന്റെ സാംസ്കാരികവും നവോത്ഥാനപരവുമായ ഉന്നമന ത്തിന് ശ്രീനാരായണന്റെ പങ്ക് വാക്കുകൾക്ക് അതീതമാണ്.

## സ്ത്രീ ഉന്നമനത്തിന് ഗുരുവിന്റെ പങ്ക്

സ്ത്രീ ശാക്തീകരണത്തിനും ഉന്നമനത്തിനും നവോത്ഥാനനായകൻ ശ്രീനാരായണഗുരുദേവന്റെ പങ്ക് വളരെ വലുതാണ്. 18, 19-ാം നൂറ്റാണ്ടുകളിൽ ജാതിമതവർണ്ണഭേദമന്യേ എല്ലാവിധ അവകാശങ്ങളും സ്ത്രീകൾക്ക്

നിഷേധിച്ചിരുന്നു. സവർണ്ണ മേധാവിത്വവും, സാമൂഹികമായ അനാചാരങ്ങളും കൊടികുത്തി വാഴ്ന്ന അക്കാലത്ത് അഭിപ്രായ സ്വാതന്ത്ര്യവും അറിവും മാത്രമല്ല സ്വന്തം നഗ്നത മറയ്ക്കാനുളള അവകാശം പോലും അവർണ്ണ സ്ത്രീകൾക്ക് നിഷിദ്ധമായിരുന്നു. മാത്രമല്ല സ്ത്രീവിദ്യാഭ്യാസം പോലും തെറ്റായിട്ടാണ് സമൂഹം കണ്ടിരുന്നത്.

സാമൂഹിക അനാചാരങ്ങളായ ശൈശവ വിവാഹം, സതി സമ്പ്രദായം ഇവയൊക്കെ ഇതിന് തെളിവു തന്നെയാണ്. ഇപ്രകാരം അന്ധതയിൽ ആണ്ടിരുന്ന സ്ത്രീസമൂഹത്തെ നേർവഴിക്ക് കൊണ്ടുപോകാൻ ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾക്ക് സാധിച്ചു. സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടി ഗുരു ഇപ്രകാരം ചിന്തിച്ചു – "സ്ത്രീയുടെ മോചനം കേവലം പുരുഷനിൽ നിന്നുളള മോചനം മാത്രമല്ല മറിച്ച് ജീവിതത്തിന്റെ നാനാതുറകളിലും അവളെ സ്വയംപര്യാപ്തയാക്കുന്ന വിധം അവളിൽ അറിവും ആത്മബോധവും വളർത്തിയെടുക്കുകയാണെന്ന് ഉറപ്പിച്ച് പ്രവർത്തിച്ചു."[5]

സ്ത്രീസമത്വത്തിനും സ്ത്രീ ഉന്നമനത്തിനും വേണ്ടിയുളള പോരാട്ടങ്ങൾ നാടെങ്ങും ഇന്നും അലയടിക്കുന്നു. ഈ പോരാട്ടങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. ശ്രീനാരായണഗുരുവിനെപ്പോലെയുളള മഹത് വ്യക്തിത്വങ്ങളുടെ ത്യാഗപൂർണ്ണമായ പരിശ്രമത്തിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന സ്ത്രീസമത്വവും, വിദ്യാഭ്യാസവും ഒക്കെത്തന്നെ. അങ്ങനെ എക്കാലത്തും ശ്രീനാരായണഗുരുവിന്റെ നവോത്ഥാന ചിന്തകളും ഉദ്ബോധനങ്ങളും ഒളിമങ്ങാതെ ചിരസ്ഥായിയായ് നിൽക്കുക തന്നെ ചെയ്യും.

## ധാർമ്മികതയുടെ ആൾരൂപം

മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ആശയം ഗുരു ഒരു തപസ്യപോലെ ജീവിതത്തിൽ ഉടനീളം കൊണ്ടുപോയി. "പരിപൂർണ്ണമായ സ്വാതന്ത്ര്യമായിരിക്കണം ഏതൊരു പരിഷ്കർത്താവിന്റെയും പരമമായ ലക്ഷ്യം."[6] എന്ന ചിന്തയിൽ ഊന്നി മാനവ സ്വാതന്ത്ര്യത്തിന് വെല്ലുവിളി നേരിടുന്ന എല്ലാ തിന്മകളെയും കൂച്ചുവിലങ്ങിടുവാൻ ഗുരു മുൻനിരയിൽ തന്നെ നിന്നു. ഗുരു ഇപ്രകാരം ഉപദേശിച്ചു – "മതമേതായാലും മനുഷ്യൻ നന്നാകുവാൻ


ISBN: 978-93-5526-674-3 Eds: Dr. M.Ilangovan, Dr E.K.Girisan

ശ്രമിച്ചുകൊണ്ടിരിക്കണം. അല്ലെങ്കിൽ അധഃപതിക്കും. പ്രവർത്തി ശുദ്ധമായിരിക്കണം. വാക്കും വിചാരവും ശുദ്ധമായിരിക്കണം. ഇതിൽ മൂന്നിലും തെറ്റുകൾ വരരുത്, തെറ്റിപ്പോയല്ലോ എന്ന് തിരുത്തുവാൻ സംഗതി വരരുത്. അതാണ് ജീവൻമുക്താവസ്ഥ."[7]

**ഉപസംഹാരം**

19-ാം നൂറ്റാണ്ടിൽ ലോകമെമ്പാടുമുണ്ടായ നവോത്ഥാനത്തിന്റെ അലകൾ ഭാരതത്തിന്റെ എല്ലാകോണിലും എത്തി. ഈ അലകൾ ശ്രീനാരായണനിലൂടെ കേരളത്തിന്റെ ബൗദ്ധികമണ്ഡലത്തിലും ആഞ്ഞുവീശി. തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ സാമൂഹിക അനീതികളുടെ അന്ത്യം വിദ്യാഭ്യാസ ത്തിലൂടെ മാത്രമെ സാക്ഷാൽക്കരിക്കയുള്ളൂ എന്ന് ഗുരു അടിയുറച്ചു വിശ്വസിച്ചിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. സ്ത്രീ സ്വാതന്ത്ര്യം വിദ്യാഭ്യാസ ത്തിലൂടെ മാത്രമെ സാധ്യമാകൂ എന്നും ഗുരു മനസ്സിലാക്കി. പ്രധാന ദേവാലയം വിദ്യാലയങ്ങൾ തന്നെയാവണം എന്നായിരുന്നു ഗുരുവിന്റെ പക്ഷം. അറിവുള്ള ഒരു ജനതയ്ക്ക് മാത്രമെ സ്വന്തം ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സാധിക്കൂ എന്നും ഗുരു അരുൾ ചെയ്തു. ഗുരുവിന്റെ ആ വചനം ഇന്ന് സാക്ഷാത്ക രിക്കപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ അകത്തും പുറത്തും വിദ്യാഭ്യാസരംഗത്ത് ശ്രീനാരായണ ധർമ്മപരിപാലന സംഘടനകൾ നൽകുന്ന നിസ്തുലമായ സംഭാവനകൾ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്.

ഇന്ത്യ കണ്ട മഹത് വ്യക്തിത്വങ്ങളിൽ ശുക്രനക്ഷത്രമായ് ജ്വലിക്കാൻ ശ്രീനാരായണന് സാധിച്ചു. ഇതിന് കാരണം ഗുരുവിന്റെ ലളിതവും, തത്വചിന്താധിഷ്ഠിതവുമായ വാക്കുകളൊക്കെയും സാധാരണക്കാരിലും സാധാരണക്കാരായ ജനസമൂഹത്തിൽ ആഴത്തിൽ വേരൂന്നാൻ സാധിച്ചു എന്നുള്ളതാണ്. ഗുരുവിന്റെ വചനങ്ങൾ ഇതിന് തെളിവായ് നിലകൊള്ളുന്നു.

> "വാദിക്കാനും, ജയിക്കുവാനും അല്ല,
> അറിയാനും അറിയ്ക്കുവാനും ആണ് വിദ്യ."

**സഹായക ഗ്രന്ഥങ്ങൾ**

1. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവാചകൻ - പി.കെ. ഗോപാലകൃഷ്ണൻ, പേജ് 223.
2. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവാചകൻ - പി.കെ. ഗോപാലകൃഷ്ണൻ, പേജ് 217.
3. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവാചകൻ - പി.കെ. ഗോപാലകൃഷ്ണൻ, പേജ് 219.
4. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവാചകൻ - പി.കെ. ഗോപാലകൃഷ്ണൻ, പേജ് 214.
5. https://gurudevacharithamblogspot.com
6. ഗുരുദേവവിചാരം - കെ.പി. വിവേകാനന്ദൻ - നാഷണൽ ബുക്സ്റ്റാൾ, കോട്ടയം നവംബർ 1992 പേജ് 16.
7. ഗുരുദേവവിചാരം - കെ.പി. വിവേകാനന്ദൻ - നാഷണൽ ബുക്സ്റ്റാൾ, കോട്ടയം നവംബർ 1992 പേജ് 19.